ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.എസ്.ഐ. ചികിൽസാനുകൂല്യത്തിന് അർഹതയുള്ള മുഴുവൻ തൊഴിലാളികളുടേയും മാതാപിതാക്കൾക്ക് തൊഴിലാളികളുടെ റേഷൻ കാർഡിൽ പേരില്ലെങ്കിലും വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ചികിൽസാനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറി**

**97 (4153)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ചികിത്സ തേടി യെത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആവശ്യത്തിന് മരുന്നും മറ്റ് സൗകര്യങ്ങളും ഇല്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഈ പരാതികൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേർത്തല ഇ. എസ്. ഐ. ഡിസ്പെൻസറിയിൽ ദിവസേന ഏകദേശം 150 രോഗികൾ ചികിൽസയ്ക്കായി എത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ആവശ്യമായ മരുന്നുകൾ ഇതിനകം സപ്ലൈ ചെയ്തിട്ടുണ്ട്.

**കശുവണ്ടി പരിപ്പ് കയറ്റുമതി**

**98 (4154)** ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി പരിപ്പ് കയറ്റുമതിയിൽ ഈ വർഷം സംസ്ഥാനത്തിന് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കയറ്റുമതിയിൽ കുറവ് വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2008-09 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തു നിന്നും എത്ര ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യാനായെന്നും അതിലൂടെ എത്ര കോടി രൂപയുടെ വിദേശനാണ്യം നേടാനും കഴിഞ്ഞു ;

(ഡി) 2009-10-ൽ എത്ര ടൺ കശുവണ്ടിയാണ് കയറ്റുമതി ചെയ്തത് ; ഇതിലൂടെ എത്ര കോടി വിദേശനാണ്യം നേടാനായി ;

(ഇ) കശുവണ്ടി കയറ്റുമതിയിൽ കുറവ് വരാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ് ;

(എഫ്) ഇപ്പോൾ സംസ്ഥാനത്തു നിന്നും പ്രധാനമായും കശുവണ്ടി ഇറക്കുമതി ചെയ്യുന്നത് ഏതൊക്കെ രാജ്യങ്ങളാണ് ;

(ജി) കൂടുതൽ രാജ്യങ്ങളിലേക്ക് കശുവണ്ടി പരിപ്പ് കയറ്റി അയയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും കശുവണ്ടിപ്പരിപ്പ് കയറ്റുമതി ഈ വർഷവും നടന്നുവരുന്നു. എന്നാൽ മുൻ വർഷങ്ങളിലെ അപേക്ഷിച്ച് കയറ്റുമതി കുറവാണ്.

(ബി) ആഭ്യന്തര മാർക്കറ്റിൽ കശുവണ്ടിപ്പരിപ്പിന് നല്ല വില ലഭിക്കുന്നതിനാൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കയറ്റുമതിയിൽ കുറവ് വന്നിട്ടുണ്ട്.

കാപ്പെക്സിൽ 2008-09 വർഷത്തേക്കാൾ 2009-2010-ൽ കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ 2032 മെട്രിക് ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

(സി) 2008-09 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷൻ 76.582 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തിട്ടുള്ളതും ഇതിലൂടെ 2.27 കോടി രൂപയുടെ വിദേശനാണ്യം നേടുവാനും കഴിഞ്ഞിട്ടുണ്ട്.

കാപ്പെക്സിൽ 2008-09-ൽ 238 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. ഇതിലൂടെ 6.61 കോടി രൂപയുടെ വിദേശനാണ്യം നേടാനായി.

കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ഔദ്യോഗിക കണക്കുപ്രകാരം 2008-09-ൽ കേരളത്തിൽ നിന്നും 63730 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. ഇതിലൂടെ 1716.52 കോടി രൂപയുടെ വിദേശനാണ്യം നേടാൻ കഴിഞ്ഞു.

(ഡി) 2009-10 സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷൻ 63.504 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിലൂടെ 1.63 കോടി രൂപയുടെ വിദേശനാണ്യം നേടാനായി. കാപ്പെക്സ് 2009-10-ൽ 35 മെട്രിക് ടൺ കശുവണ്ടി കയറ്റുമതി ചെയ്തു. ഇതിലൂടെ 89 ലക്ഷം രൂപയുടെ വിദേശനാണ്യം നേടുകയുണ്ടായി.

കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കു പ്രകാരം 2009-10-ൽ കേരളത്തിൽനിന്നും 61698 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു. ഇതിലൂടെ 1635.79 കോടി രൂപയുടെ വിദേശനാണ്യം നേടാനായി.

(ഇ) കശുവണ്ടി കയറ്റുമതിയിൽ കുറവ് വരാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

(1) സാമ്പത്തിക മാന്ദ്യവും ആഭ്യന്തര മാർക്കറ്റിൽ കശുവണ്ടിപ്പരിപ്പിന് നല്ല വില ലഭിക്കുന്നതുമൂലം

(2) വിദേശ ഇറക്കുമതിക്കാരുടെ ബാങ്കുകൾ വായ്പാ പരിധി വർദ്ധിപ്പിച്ചു നൽകാത്തതിനാലും, തക്കസമയത്ത് ബാങ്ക് സഹായം നൽകാത്തതിനാലും ഇവരുടെ ഇറക്കുമതിയുടെ ക്രമം തന്നെ മാറി.

(3) ആഗോള സാമ്പത്തിക മാന്ദ്യമാണ് മറ്റൊരു കാരണം.

(4) രൂപയുടെ മൂല്യം കൂടിയതും കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചു.

(എഫ്) കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും പ്രധാനമായും കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നത് യു.എസ്.എ., യൂറോപ്പ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങളും കാപ്പെക്സിൽനിന്നും കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നത് പ്രധാനമായും യു.എസ്.എ, നെതർലന്റ് എന്നീ രാജ്യങ്ങളുമാണ്.

(ജി) കശുവണ്ടി വികസന കോർപ്പറേഷൻ റഷ്യ, ചൈന എന്നീ രാജ്യങ്ങളിൽക്കൂടി കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ രാജ്യങ്ങളിൽ വിപണി കണ്ടെത്തി കയറ്റുമതി വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കാപ്പെക്സ്-സിങ്കപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ**

**99 (4155)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly